(സി) ഏതെല്ലാം കേന്ദ്രമന്ത്രിമാരെയാണ് നിവേദക സംഘം കണ്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിവേദനം സമർപ്പിച്ചതിന്റെ ഫലമായി നാളിതുവരെയായി എന്തെങ്കിലും തരത്തിലുള്ള അനുകൂല നടപടികൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് പല പ്രാവശ്യം നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയെക്കാണാൻ ധനകാര്യവകുപ്പുമന്ത്രി, തൊഴിൽവകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, വനം-ഗതാഗതവകുപ്പുമന്ത്രി, റവന്യൂവകുപ്പുമന്ത്രി, ജലവിഭവവകുപ്പുമന്ത്രി, ഫിഷറീസ്-എക്സൈസ് വകുപ്പുമന്ത്രി, ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി എന്നിവർ നിവേദക സംഘത്തിൽ ഉണ്ടായിരുന്നു. ഒരു പ്രാവശ്യം പ്രതിപക്ഷ നേതാവും ഉണ്ടായിരുന്നു.

(ഡി) റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിന് റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല തവണ നിവേദനങ്ങൾ നൽകിയതുപ്രകാരം 30-4-2015 മുതൽ ഇറക്കുമതി ചുങ്കം 25 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ബി.പി.എൽ.-ലേക്ക് മാറ്റിയ റേഷൻ കാർഡുകൾ

19 (2833) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ മുന്നേറ്റങ്ങളിലായി നടന്ന ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. റേഷൻ കാർഡിൽനിന്നും ബി.പി.എൽ. റേഷൻ കാർഡിലേക്ക് മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡുകൾ അനുവദിച്ചു ; ഇതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) അമ്പലപ്പുഴ താലൂക്കിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് ലഭിച്ചു എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6398 അപേക്ഷകൾ.

(ബി) 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് 468 പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്.

(സി) അർഹതപ്പെട്ട 136 അപേക്ഷകർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ജനസമ്പർക്ക പരിപാടി

20 (2834) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടി 2015 ലൂടെ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട് ;

(ബി) അനുവദിച്ചതിൽ ഏറ്റവും ഉയർന്ന തുകയും കുറഞ്ഞ തുകയും എത്രയാണ് ;

(സി) അക്ഷയ മുഖാന്തരം അപേക്ഷിച്ചവർക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ചികിത്സയ്ക്കായി അനുവദിച്ച ധനസഹായം വൈകാനിടയാകുന്ന സാഹചര്യം വിശദീകരിക്കാമോ ;

(ഇ) ഫണ്ടിന്റെ ദൗർബല്യമാണ് കാരണമെങ്കിൽ തിടുക്കത്തിൽ ജനസമ്പർക്ക പരിപാടി നടത്താൻ പ്രേരിപ്പിച്ച ഘടകങ്ങൾ വിശദീകരിക്കാമോ ;

(എഫ്) ചികിത്സാ സഹായം അനുവദിക്കപ്പെട്ട എല്ലാ പേർക്കും ധനസഹായം എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയും ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടി കരുതൽ 2015-ലെ ഡാറ്റാ എൻട്രി പൂർത്തിയായിട്ടില്ല. ഓൺലൈനായി അപേക്ഷിച്ച 12809 അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly